മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) ഉണ്ട്.

(ബി) ചങ്ങനാശ്ശേരി, കോതമംഗലം, ഇരിങ്ങാലക്കുട, വടകര, കാസർഗോഡ്, എന്നീ ഫയർ സ്റ്റേഷനുകൾ.

(സി) ഉണ്ട്. ചങ്ങനാശ്ശേരി, വടകര, ഇരിങ്ങാലക്കുട, കാസർ ഗോഡ് എന്നി സ്ഥലങ്ങളിൽ.

(ഡി) സ്വീകരിച്ചുവരികയാണ്.

സ്പെഷ്യൽ റിക്രൂട്ട്മെൻറ്

* 136 [146] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ റിക്രൂട്ട്മെൻറ് ഓരോ കാറ്റഗറിയിലും ഏർപ്പെടു ത്തുവാൻ ആവശ്യമായ രീതിയിൽ നിയമനത്തിൽ ഭേദഗതി വരുത്തണമെന്ന് റിവ്യൂ കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അനന്തരനടപടികൾ എന്തായി എന്ന് വിശദ മാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) പട്ടികജാതി–പട്ടിക വർഗ്ഗക്കാർക്ക് സ്പെഷ്യൽ റിക്രൂട്ട് മെൻറ് വഴി നിയമനം നടത്തുമ്പോൾ ഓരോ കാറ്റഗറിയിലും 10 ശതമാനം കിട്ടത്തക്കവിധം പോസ്റ്റുകൾ വിതരണം ചെയ്യണമെന്ന് റിവ്യൂ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) ഇക്കാര്യം ഗവൺമെൻറ് പരിശോധിച്ചു വരികയാണ്.

കോളേജുകളിലെ ഷിഫ്റ്റ് സമ്പ്രദായം

* 137 [147] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയ കോളേജുകളിൽ ഉച്ചയ്ക്കുമേൽ ഉള്ള ഷിഫ്റ്റിൽ പഠിപ്പിക്കുന്നതിന് അദ്ധ്യാപകരെ നിയമിക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്;

(ബി) ഗവൺമെൻറ് കോളജുകളിൽ അദ്ധ്യാപകരെ നിയമിക്കുവാൻ നിർദ്ദേശം കൊടുത്തു കഴിഞ്ഞോ;

(സി) പ്രൈവറ്റ് കോളജുകളിൽ അദ്ധ്യാപകരെ തിരഞ്ഞെടുത്ത് നിയമിക്കുവാൻ അനുവാദം കൊടുത്തു കഴിഞ്ഞോ;

(ഡി) ഇല്ലെങ്കിൽ വേണ്ട നിർദ്ദേശങ്ങൾ ഉടൻ നൽകുമോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ ആൻറ് ബി) ഷിഫ്റ്റ് സമ്പ്രദായം നടപ്പിൽ വന്ന ഗവൺ മെൻറ് കോളേജുകളിൽ കൂടുതലായി വേണ്ടിവന്ന 143 അദ്ധ്യാപക തസ്തികകളും ഇതിനോടകം അനുവദിച്ചു കഴിഞ്ഞിട്ടുണ്ട്. ഈ തസ്തി കകളിൽ ഇനിയും നിയമനം നടത്തിക്കഴിഞ്ഞിട്ടില്ലാത്തവയിൽ ഉടനെ

LIBRARY ARCHIVES Kerala Legislative Assembly

നിയമനം നടത്തുന്നതിനു വേണ്ട നടപടികളും എടുക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കഴിഞ്ഞു.

(സി ആൻറ് ഡി) പ്രൈവറ്റ് കോളേജുകളിൽ അദ്ധ്യാപകരെ നിയമിക്കാൻ ഗവൺമെൻറിന്റെ അനുവാദം ആവശ്യമില്ല.

നിയമനം അംഗീകരിക്കേണ്ടതു് യൂണിവേഴ്സിറ്റിയാണ്. ഈ വർഷം ഷിഫ്റ്റ് സിസ്റ്റം തുടങ്ങുന്നതിലേക്കു ഗവൺമെൻറ് അംഗീകരിച്ചിട്ടുള്ള പ്രൈവറ്റ് കോളേജുകളുടെ ലിസ്റ്റ് യഥാസമയം കേരളാ യൂണിവേഴ്സിറ്റിക്കും കോഴിക്കോട് യൂണിവേഴ്സിറ്റിക്കും നൽകിയിട്ടുണ്ട്.

ഗൺമാൻമാരുടെ സേവനം ലഭിക്കുന്ന എം. എൽ. എ. മാർ

* 138 [148] ശ്രീ. വി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര എം. എൽ. എ. മാർക്ക് ഗൺമാനെ അനുവദിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം എം. എൽ. എ. മാർക്കാണ് ഗൺമാൻമാരെ അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) 3 എം. എൽ. എ. മാർക്ക്.

(ബി) സർവ്വശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ, പി. ജെ. ജോസഫ്, ആർ. ബാലകൃഷ്ണപിള്ള എന്നിവർക്കാണ് ഗൺമാൻമാരെ അനുവദിച്ചിട്ടുള്ളത്.

സംസ്ഥാന ഗവൺമെൻറ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം

* 139 [149] ശ്രീ. ജി. പി. മംഗലത്തു മഠം: താഴെ കാണുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന ഗവൺമെൻറ് ജീവനക്കാരുടെ ശമ്പള പരിഷ്കാരങ്ങളെ സംബന്ധിച്ചു ഈ ഗവൺമെൻറ് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. ഇനി എന്തെല്ലാം ആനുകൂല്യങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നു?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

സർക്കാർ ജീവനക്കാരുടെ, ശമ്പളം, അലവൻസുകൾ, പെൻഷൻ ആനുകൂല്യങ്ങൾ മുതലായ കാര്യങ്ങളെപ്പറ്റി ചന്ദ്രഭാനു കമ്മീഷന്റെ ശുപാർശകൾ, ഗവൺമെൻറ് അംഗീകരിക്കുകയും 1-7-1978 മുതൽ പൂർവകാല പ്രാബല്യത്തോടുകൂടി അവ നടപ്പാക്കുകയും ചെയ്തു കഴിഞ്ഞിട്ടുണ്ട്. യാത്രാബത്ത, പ്രൊജക്ട് അലവൻസ് എന്നിവയെ സംബന്ധിച്ച കമ്മീഷന്റെ നിർദ്ദേശങ്ങൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അതേ സമയം ചില വിഭാഗം ജീവനക്കാർ പേ കമ്മീഷൻ റിപ്പോർട്ടിന്റെ അപാകതകളെപ്പറ്റി നൽകിയ പരാതികൾ പരിശോധിച്ചു തീരുമാനങ്ങൾ എടുത്തുകൊണ്ടിരിക്കുകയാണ്.

പുറമെ, ജീവനക്കാർക്ക് പൊതുവിൽ പ്രയോജനകരമായ സർവീസ് ഗ്രേഡ്, മൂന്നാമതൊരു വെയിറ്റേജ് എന്നിവ അനുവദിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly